"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - എറണാകുളം ജില്ല - ബംഗ്ലൂരുവിലെ ശിവജി നഗറിൽ വച്ച് ആശുപത്രി കെട്ടിടത്തിന്റെ മതിലിടിഞ്ഞു വീണുണ്ടായ അപകടത്തിൽ മരണപ്പെട്ട രണ്ടു കുടുംബശ്രീ പ്രവർത്തകരുടെ നിയമാനുസൃത അവകാശികൾക്ക് 5 ലക്ഷം രൂപ വീതവും, പരിക്കേറ്റ മൂന്നുപേരുടെ മുഴുവൻ ചികിത്സാചെലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(കൈ) നം.195/2026/RD തീയതി,തിരുവനന്തപുരം, 25-06-2026

പരാമർശം:- എറണാകുളം ജില്ലാ കളക്ടറുടെ 22-05-2026 -ലെ DCEKM/4187/2026-D1 നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ബാംഗ്ലൂർ സന്ദർശിക്കാൻ പോയ കുടുംബശ്രീ പ്രവർത്തകരിൽ രണ്ടുപേർ ബാംഗ്ലൂരിലെ ശിവജി നഗറിൽ വച്ച് ആശുപത്രി കെട്ടിടത്തിന്റെ മതിലിടിഞ്ഞുവീണ് മരണപ്പെട്ടിരുന്നു. ഈ വിഷയത്തിൽ പരാമർശ പ്രകാരം എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

(2) ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ രാമമംഗലം പഞ്ചായത്തിലെ 5 കുടുംബശ്രീ പ്രവർത്തകർ ഉൾപ്പെട്ട സംഘം ബെംഗളൂരു സന്ദർശനത്തിനായി നടത്തിയ യാത്രയ്ക്കിടെ ബെംഗളൂരുവിൽ ഉണ്ടായ ശക്തമായ മഴയിൽ ശിവാജി നഗർ ബൗറിംഗ് ആശുപത്രിയുടെ മതിലിടിഞ്ഞ് ദേഹത്തു വീണ് 29/04/2026 ന് രണ്ടുപേർ മരണപ്പെടുകയും (ലത കെ.കെ, അവിവാഹിത,47 വയസ്സ്. -കൊട്ടാരത്തു മനക്കകടിയിൽ ഹൗസ്, രാമമംഗലം: സ്മിത രഘു, 47 വയസ്സ്, തെക്കേ ഇറമ്പിൽ ഹൗസ് കിഴുമുറി പി ഒ രാമമംഗലം). 3 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. (പ്രീതി, മണ്ണായത്ത് ഹൗസ്, രാമമംഗലം; സിജി, 45 വയസ്സ് . കര്യാകന്നൽ ഹൗസ്, കിഴിമുറി, രാമമംഗലം; മായ 51 വയസ്സ്, നാഗത്തുംഗമലയിൽ കിഴിമുറി, രാമമംഗലം). മരണപ്പെട്ടവർക്ക് കർണ്ണാടക സർക്കാർ 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബശ്രീ അംഗങ്ങളായ മരണപ്പെട്ടവരുടെ അവകാശികൾക്കും പരിക്കേറ്റവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി തുക ധനസഹായമായി അനുവദിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബംഗ്ലൂരുവിലെ ശിവജി നഗറിൽ വച്ച് ആശുപത്രി കെട്ടിടത്തിന്റെ മതിലിടിഞ്ഞു വീണുണ്ടായ അപകടത്തിൽ മരണപ്പെട്ട ലത കെ.കെ, അവിവാഹിത,47 വയസ്സ്, -കൊട്ടാരത്തു മനക്കകടിയിൽ ഹൗസ്, രാമമംഗലം; സ്മിത രഘു , 47 വയസ്സ്, തെക്കേ ഇറമ്പിൽ ഹൗസ് കിഴുമുറി പി ഒ രാമമംഗലം എന്നീ രണ്ടു കുടുംബശ്രീ പ്രവർത്തകരുടെ നിയമാനുസൃത അവകാശികൾക്ക് 5 ലക്ഷം രൂപ വീതവും , പരിക്കേറ്റ പ്രീതി, മണ്ണായത്ത് ഹൗസ്, രാമമംഗലം; സിജി, 45 വയസ്സ് , കര്യാകന്നൽ ഹൗസ്, കിഴിമുറി, രാമമംഗലം: മായ, 51 വയസ്സ്, നാഗത്തുംഗമലയിൽ കിഴിമുറി, രാമമംഗലം എന്നീ മൂന്നുപേരുടെ മുഴുവൻ ചികിത്സാചെലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(4) മരണപ്പെട്ട രണ്ടു കുടുംബശ്രീ പ്രവർത്തകരുടെ നിയമാനുസൃത അവകാശികൾക്കുള്ള ധനസഹായ വിതരണത്തിന് ആവശ്യമായി വരുന്ന 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ട് മുഖാന്തിരം എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും. ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്. ടി അപകടത്തിൽ പരിക്കേറ്റ മൂന്നുപേരുടെ ചികിത്സാ ചെലവ് ആവശ്യമായ രേഖകൾ പരിശോധിച്ച് അനുവദിക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജീവൻ ബാബു കെ ഐ എ എസ്

ജോയിന്റ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, എറണാകുളം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

പൊതുഭരണ (എസ്.സി) വകുപ്പ് (24/06/2026- ലെ മന്ത്രിസഭായോഗ തീരുമാനം O.A നമ്പർ. 50 പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (REV-DRF-A3/46/2026-REV-Part(1)

ഉത്തരവിൻ പ്രകാരം

Aktheswari

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി IASയുടെ സി.എ.യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി യുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-06-2026

ഇനം നം : 50

**O.A.**

വിഷയം : റവന്യൂ വകുപ്പ് - എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ബാംഗ്ലൂർ സന്ദർശിക്കാൻ പോയ 5 കുടുംബശ്രീ പ്രവർത്തകരിൽ, ബാംഗ്ലൂരിലെ ശിവജി നഗർ ആശുപത്രി കെട്ടിടത്തിന്റെ മതിലിടിഞ്ഞു വീണുണ്ടായ അപകടത്തിൽ മരണപ്പെട്ട രണ്ട് കുടുംബശ്രീ പ്രവർത്തകരുടെ നിയമാനുസൃത അവകാശികൾക്കും പരിക്കേറ്റ 3 പേർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. മരണപ്പെട്ടവരുടെ കുടുംബത്തിന് 5 ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനിച്ചു. പരിക്കേറ്റവരുടെ മുഴുവൻ ചികിത്സാ ചെലവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വഹിക്കുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

**24.06.2026**

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ബാംഗ്ലൂർ സന്ദർശിക്കാൻപോയ കുടുംബശ്രീ പ്രവർത്തകരിൽ, ബാംഗ്ലൂരിലെ ശിവജി നഗറിൽ വച്ച് ആശുപത്രി കെട്ടിടത്തിന്റെ മതിലിടിഞ്ഞു വീണുണ്ടായ അപകടത്തിൽ മരണപ്പെട്ട രണ്ടുപേരുടെ നിയമാനുസൃത അവകാശികൾക്കും പരിക്കേറ്റവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

എറണാകുളം ജില്ല മൂവാറ്റുപുഴ താലൂക്ക് രാമമംഗലം പഞ്ചായത്തിലെ 5 കുടുംബശ്രീ പ്രവർത്തകർ ഉൾപ്പെട്ട സംഘം ബംഗളൂരു സന്ദർശനത്തിനായി നടത്തിയ യാത്രയ്ക്കിടെ, 29.04.2026 ന് ബെംഗളൂരുവിൽ ഉണ്ടായ ശക്തമായ മഴയിൽ ശിവാജി നഗർ ബൗറിംഗ് ആശുപത്രിയുടെ മതിലിടിഞ്ഞ് ദേഹത്തു വീണ്, ലത കെ.കെ, (അവിവാഹത) 47 വയസ്സ്, കൊട്ടാരത്തു മനക്കകുടിയിൽ ഹൗസ്, രാമമംഗലം, സ്മിത രഘു, 47 വയസ്സ്, തെക്കേ ഇറമ്പിൽ ഹൗസ് കിഴുമുറി പി ഒ രാമമംഗലം എന്നിവർ മരണപ്പെടുകയും 3 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുള്ളതായും മരണപ്പെട്ടവരുടെ ആശ്രിതർക്ക് കർണ്ണാടക സർക്കാർ 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബശ്രീ അംഗങ്ങളായ മരണപ്പെട്ടവരുടെ അവകാശികൾക്കും പരിക്കേറ്റവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി തുക ധനസഹായമായി അനുവദിക്കാവുന്നതാണെന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് 22.06.2026 ന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് .

## തീരുമാനിക്കേണ്ട വിഷയം

എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ബാംഗ്ലൂർ സന്ദർശിക്കാൻ പോയ 5 കുടുംബശ്രീ പ്രവർത്തകരിൽ, ബാംഗ്ലൂരിലെ ശിവജി നഗർ ആശുപത്രി കെട്ടിടത്തിന്റെ മതിലിടിഞ്ഞുവീണുണ്ടായ അപകടത്തിൽ മരണപ്പെട്ട രണ്ട് കുടുംബശ്രീ പ്രവർത്തകരുടെ നിയമാനുസൃത അവകാശികൾക്കും പരിക്കേറ്റ 3 പേർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഉചിതമായ ധനസഹായം അനുവദിക്കാവുന്നതാണോ? എങ്കിൽ, എത്ര തുക അനുവദിക്കാം?